**File No.SJD/1768/2020-D4**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :13/05/2020
Email –swdkerala@gmail.com
Phone : 0471 – 2306040

**സർക്കുലർ**

വിഷയം: സാമൂഹ്യനീതി വകുപ്പ് – ഡയറക്ടറേറ്റ് – സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് 2019– 2020 സാമ്പത്തിക വർഷത്തെ ഗ്രാന്റ് ഇൻ എയ്ഡ് നൽകുന്നത് സംബന്ധിച്ച് .

സൂചന: 2020–2021 വർഷത്തെ ബഡ്ജറ്റ് പ്രൊവിഷൻ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു . സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ ആന്റ് എസ്റ്റാബ്ലിഷ് മെന്റ് കെയർ ഹോം ഫോർ മെന്റലി ഇൽ ഇൻസ്റ്റിറ്റ്യൂഷൻസിന് 2019–2020 സാമ്പത്തിക വർഷത്തെ ഗ്രാന്റ് – ഇൻ അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

2019–2020 സാമ്പത്തിക വർഷം ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ നിന്നും ഗ്രാന്റിനായി ലഭ്യമായ അപേക്ഷകളിൽ പല വിധത്തിലുള്ള അപാകതകൾ കണ്ടെത്തുകയും ആയത് പരിഹരിക്കുന്നതിനായി അപേക്ഷകൾ തിരികെ ജില്ലാ കാര്യാലയത്തിലേയ്ക്ക് നൽകി അപാകതകൾ പരിഹരിച്ച് തിരികെ ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ അപേക്ഷകളിലുള്ള അപാകതകൾ പരിഹരിച്ച് ലഭ്യമാക്കുന്നതിന് വളരെയധികം കാലതാമസം നേരിടുകയുണ്ടായി. പ്രസ്തുത കാരണങ്ങളാൽ പദ്ധതിയുടെ നിർവ്വഹണത്തിന് കാലതാമസം നേരിട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ നടപ്പ സാമ്പത്തിക വർഷം മുതൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പൂർണ്ണമായും പരിശോധിച്ച് അപാകതകൾ പരിഹരിച്ച് ആവശ്യമായ രേഖകളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഉറപ്പുവരുത്തിയതിനുശേഷം മാത്രം അപേക്ഷ സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ആയതിലേയ്ക്ക് ചുവടെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കർശ്ശനമായും പാലിക്കേണ്ടതാണ്.

- പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിൽ ഫോർമാറ്റ് 1,2,3 എന്നിവയുടെ പൂർണ്ണമായ വിവരങ്ങൾ നൽകേണ്ടതാണ്.
- അപേക്ഷയിൽ അപ്രൈസൽ കമ്മിറ്റിയുടെ ശുപാർശ ഉറപ്പുവരുത്തുക.
- സ്ഥാപനത്തിലെ താമസക്കാരുടെ എണ്ണത്തിന് ആനുപാതികമായിട്ടുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുക.
- Valid Institutional Registration Certificate as per Psycho–Social Rehabilitation Rules 2012 നിർബന്ധമായും ഉള്ളടക്കം ചെയ്തിരിക്കണം.
- OCB യുടെ അംഗീകാരം ലഭിച്ച സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കിയിരിക്കണം.
- മുൻ വർഷം സ്ഥാപനത്തിന് ഗ്രാന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ യു.സി യും Component wise expenditure statement ഉം നിർബന്ധമായും ലഭ്യമാക്കിയിരിക്കണം.
- സാമൂഹ്യനീതി വകുപ്പ് ഗ്രാന്റ് വാങ്ങുന്ന സൈക്കോസോഷ്യൽ

**File No.SJD/1768/2020-D4**

സ്ഥാപനങ്ങളെക്കുറിച്ച് നിരന്തരമായി വിവരാവകാശവും പരാതികളും ലഭ്യമാകുന്ന സാഹചര്യത്തിൽ സ്ഥാപനത്തിലെ താമസക്കാരെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ കൃത്യമായും സൂക്ഷിക്കുന്നുണ്ടെന്നും ഈ ഗ്രാന്റ് ലഭിക്കുന്ന താമസക്കാർക്ക് മറ്റ് ഗ്രാന്റുകൾ ( Old age grant PWD Institution grant ) ലഭിക്കുന്നില്ലെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഉറപ്പാക്കിയിരിക്കേണ്ടതാണ്.

2020-2021 സാമ്പത്തിക വർഷം ഗ്രാന്റ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ട Timeline ചുവടെ ചേർക്കുന്നു.

| Sl. No | Particulers | Date |
|---|---|---|
| 1 | Publishing of Circular | 15/05/2020 |
| 2 | Giving wide publicity through PRD by DSJO | 23/05/2020 |
| 3 | Last date of submission of Application to DSJO by PRCs | 15/06/2020 |
| 4 | Inspection of appraisal committee | 15/07/2020 |
| 5 | Submission of Application to Director of Social Justice and Convening of Technical Committee | Between 17/08/2020 and 27/08/2020 |
| 6 | Processing and fund releasing of 1 st phase | 30/09/2020 |
| 7 | II nd phase fund release ( processing of new applications) | 30/10/2020 |

**കുറിപ്പ്:**

1. പ്ലാൻ ഫണ്ട് വിതരണം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ , സർക്കാർ അനുമതി എന്നിവയ്ക്ക് വിധേയമായി മാത്രം ഗ്രാന്റ് അനുവദിക്കുന്നതാണ് .

**2.** സമയപരിധി കഴിഞ്ഞ് ലഭിക്കുന്നതും അപാകതകൾ ഉള്ളതുമായ അപേക്ഷകൾ യാതൊരു മുന്നറിയിപ്പുമില്ലാതെ നിരസിക്കുന്നതാണ് . മേൽ കാരണങ്ങൾ കൊണ്ട് ഏതെങ്കിലും സ്ഥാപനത്തിന് ഗ്രാന്റ് ലഭിക്കാതിരുന്നാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും ആയത് കൈകാര്യം ചെയ്യുന്ന സെക്ഷൻ ക്ലാർക്കിനുമായിരിക്കും.

3. സ്ഥാപനങ്ങളിൽ നിന്നും ഫണ്ടിനുള്ള അപേക്ഷ നിശ്ചിത തീയതിയ്ക്കുള്ളിൽ ലഭ്യമാകാതെ വരുന്ന സാഹചര്യത്തിൽ അധികം തുക ആവശ്യപ്പെടുന്ന സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതാണ്.

4. 2019-2020 വർഷം വരെ സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ള സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. പുതിയ സ്ഥാപനങ്ങൾക്കുള്ള അപേക്ഷകളിന്മേൽ സർക്കാർ അനുമതി ആവശ്യമായതിനാൽ അപേക്ഷകൾ എത്രയും വേഗം സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

For സാമൂഹ്യനീതി ഡയറക്ടർ